KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

**14.06.2009**

# സർക്കാർ ആശുപത്രികളിൽ പ്രസവത്തിനെത്തുന്നവർക്ക് സൗജന്യമായി രക്തം നൽകും: മന്ത്രി ശ്രീമതി ടീച്ചർ

കൊച്ചി: സർക്കാർ ആശുപത്രികളിൽ പ്രസവത്തിനെത്തുന്ന സ്ത്രീകൾക്ക് രക്തം സൗജന്യമായി നൽകുമെന്ന് ആരോഗ്യവകുപ്പു മന്ത്രി പി.കെ. ശ്രീമതി ടീച്ചർ അറിയിച്ചു. എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ നടപ്പിലാക്കുന്ന ഈ സംവിധാനം ഒരു മാസത്തിനകം പ്രാബല്യത്തിൽ വരുമെന്ന് അവർ അറിയിച്ചു.

ലോക രക്തദാതാ ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം സെന്റ് തെരേസാസ് കോളജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി. ജില്ലയുടെ വനിതാനേതൃത്വം പരിഗണിച്ചും കൂടുതൽ സ്ത്രീകളെ സന്നദ്ധരക്തദാനത്തിനെത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുമാണ് ദിനാചരണത്തിന്റെ സംസ്ഥാനതലപരിപാടി എറണാകുളത്തു സംഘടിപ്പിച്ചത്. പരിപാടിയിൽ പങ്കെടുക്കേണ്ട മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കളക്ടർ, ഡി.എം.ഒ, സെന്റ് തെരേസാസ് കോളജ് പ്രിൻസിപ്പൽ, എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബ്ലഡ് സേഫ്റ്റി ജോയിന്റ് ഡയറക്ടർ, നെഹ്റു യുവകേന്ദ്ര യൂത്ത് കോഓർഡിനേറ്റർ, ജില്ലാ മാസ് മീഡിയ ഓഫീസർ, ആരോഗ്യ കേരളം ജില്ലാ മാനേജർ, ആരോഗ്യമന്ത്രി, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ തുടങ്ങിയവരെല്ലാം സ്ത്രീകളാണെന്ന പ്രത്യേകതയും മന്ത്രി ചൂണ്ടിക്കാട്ടി. സ്ത്രീകൾക്കിടയിലെ സന്നദ്ധരക്തദാന നിരക്ക് വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ സ്വാഭാവികമായും എറണാകുളത്ത് ഊർജിതമായി നടപ്പിലാക്കേണ്ടതാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

രക്തദാനത്തേക്കുറിച്ചുള്ള അവബോധം കുട്ടിക്കാലത്തു തന്നെ ലഭിക്കേണ്ടതാണ്. മാതാപിതാക്കൾ രക്തദാനം നടത്തി മാതൃക കാട്ടിയാൽ സ്വാഭാവികമായും കുട്ടികൾ മുതിർന്നുവരുമ്പോൾ ഈ മാതൃക പിന്തുടരും. സന്നദ്ധ രക്തദാനത്തിനായി രാഷ്ട്രീയ പാർട്ടികളും യുവജനസംഘടനകളും ഉൾപ്പെടെയുള്ളവർ മുന്നിട്ടിറങ്ങണമെന്നും മന്ത്രി അഭ്യർഥിച്ചു.

ചടങ്ങിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. ഉഷ ടൈറ്റസ് സ്വാഗതം പറഞ്ഞു. കൊച്ചി കോർപറേഷൻ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എൻ.എ. മണി അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ ഡോ. എം. ബീന മുഖ്യപ്രഭാഷണം നടത്തി. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബ്ലഡ് സേഫ്റ്റി ജോയിന്റ് ഡയറക്ടർ ഡോ. സുശീല ഇന്നറിപ്പോർട്ട് അവതരിപ്പിച്ചു. കോർപറേഷൻ കൗൺസിലർ ലിനോ ജേക്കബ്, സെന്റ് തെരേസാസ് കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ക്രിസ്റ്റബെൽ, ഡി.എം.ഒ ഡോ. കെ. ടി. രമണി, എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. റോസി സെബാസ്റ്റ്യൻ, ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് സീനിയർ പ്രോഗ്രാം ഓഫീസർ ബേബി പ്രഭാകരൻ എന്നിവർ ആശംസകൾ നേർന്നു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി. വേലായുധൻ നന്ദി പറഞ്ഞു.ചടങ്ങിനേത്തുടർന്ന് രക്തസുരക്ഷിതത്വത്തേക്കുറിച്ചും രക്തദാനത്തേക്കുറിച്ചും പാനൽ ചർച്ചയും സംഘടിപ്പിച്ചിരുന്നു.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**